പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1639 — 04.12.2015 ലെ മറുപടിയ്ക്ക്

**കർഷക ആത്മഹത്യകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്യുകയുണ്ടായി;വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 64 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കർഷകരുടെ ആത്മഹത്യയ്ക്കുള്ള പൊതുവായ കാരണം എന്തായിരുന്നു; വിശദമാക്കുമോ ; | (ബി) | പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം, കാർഷികോല്പന്നങ്ങളുടെ വിലയിടിവ്, പെട്ടെന്നുള്ള കീടരോഗബാധ മൂലമുള്ള വിളനാശം, കാർഷിക വിലത്തകർച്ച മൂലം ലോണുകൾ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരുക, സ്വകാര്യ പണമിടപാടുകാരിൽ നിന്നും അമിത പലിശയ്ക്ക് പണം കടമെടുക്കുകയും ഇവ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരികയും ചെയ്യുക എന്നിവ കർഷകരുടെ ആത്മഹത്യയ്ക്കുള്ള പൊതുവായ കാരണങ്ങളായി വിലയിരുത്തപ്പെടുന്നു. |
| (സി) | ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് പ്രത്യേക സഹായം സർക്കാർ ലഭ്യമാക്കുകയുണ്ടായോ ; വ്യക്തമാക്കുമോ ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആത്മഹത്യ ചെയ്ത 37 കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായമായി ആകെ 34,50,000/- രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | ആത്മഹത്യകൾ ഒഴിവാക്കുന്നതിനും, ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയിൽ എത്ര രൂപയാണ് ഈ സർക്കാരിന്റെ കാലത്ത് കേന്ദ്രത്തിന് തിരികെ നൽകേണ്ടി വന്നത്;വിശദമാക്കുമോ ? | (ഡി) | ആത്മഹത്യകൾ ഒഴിവാക്കുന്നതിനും, ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും മറ്റുമായി കേന്ദ്ര സർക്കാർ സംസ്ഥാന കൃഷി വകുപ്പിന് തുക അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ